**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2456** **12-02-2024 - ൽ മറുപടിയ്ക്ക്**

**സ്പെഷ്യൽ റെസിഡൻഷ്യൽ കെട്ടിടത്തിന് ഒക്കുപ്പൻസിയും നമ്പരും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | വിജയപുരം രൂപതാ മെത്രാൻ ബിഷപ്പ് സെബാസ്റ്റ്യൻ തെക്കെതേച്ചേരിയിൽ, ഇടുക്കി ജില്ലയിൽ ഏലപ്പാറ വില്ലേജിൽ പീരുമേട് ഗ്രാമ പഞ്ചായത്തിൽ സ്പെഷ്യൽ റെസിഡൻഷ്യൽ കെട്ടിടം നിർമ്മിക്കാൻ അനുമതി നേടി നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന് ഒക്കുപ്പൻസിയും നമ്പരും ലഭിക്കുന്നതിൽ ഉണ്ടായിരിക്കുന്ന കാലതാമസം വ്യക്തമാക്കാമോ; | (എ) | വിജയപുരം രൂപത മെത്രാൻ ബിഷപ്പ് സെബാസ്റ്റ്യൻ തെക്കെതെച്ചേരിയിൽ, ഇടുക്കി ജില്ലയിൽ ഏലപ്പാറ വില്ലേജിൽ പീരുമേട് ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ച സ്പെഷ്യൽ റെസിഡൻസ് കെട്ടിടത്തിന് നമ്പരും ഒക്കുപ്പെൻസിയും അനുവദിക്കുന്നതിനായി എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എൻജിനീയർ സ്ഥലപരിശോധന നടത്തി, ടി കെട്ടിടം കാഴ്ച്ചയിൽ 'ഡി' ഒക്കുപ്പെൻസിയിൽ ഉൾപ്പെടത്തക്ക വിധമാണ് നിർമ്മാണം പൂർത്തികരിച്ചിട്ടുള്ളതെന്നും 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 57 പ്രകാരമുള്ള എല്ലാ സൗകര്യങ്ങളും ഉണ്ടായിരിക്കണമെന്നും കൂടാതെ ചട്ടം 5-ലെ 8(എ) പ്രകാരം ജില്ലാ കളക്ടറുടെ മുൻകൂർ അനുമതി ആവശ്യമാണെന്നും റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ടി കെട്ടിടം നിർമ്മിച്ചിരിക്കുന്ന സ്ഥലം കേരളാ ഭൂപരിഷ്കരണ നിയമം സെക്ഷൻ 81 പ്രകാരം നീലഗിരി ടി എസ്റ്റേറ്റിനു ഇളവ് അനുവദിച്ച ഭൂമിയിൽ ഉൾപ്പെട്ട സ്ഥലമാണെന്നും ടി ഭൂമിയിൽ നിർമ്മാണപ്രവർത്തനങ്ങൾ അനുവദിക്കുവാൻ പാടില്ലെന്നും പീരുമേട് തഹസിൽദാർ 17/12/2018 തീയതിയിലെ സി1 - 3636/17 നമ്പർ നോട്ടിസ് പ്രകാരം അറിയിച്ചിട്ടുമുണ്ട്. മേൽ റിപ്പോർട്ടിന്റെയും നോട്ടിസിന്റെയും അടിസ്ഥാനത്തിൽ, നിർമ്മാണം പൂർത്തീകരിച്ച ടി കെട്ടിടത്തിന് നമ്പരും ഒക്കുപ്പൻസി സർട്ടിഫിക്കറ്റും അനുവദിക്കാൻ കഴിയുകയില്ല എന്നതിനാലാണ് ബിൽഡിംഗ് നമ്പരും ഒക്കുപ്പൻസിയും അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടായിരിക്കുന്നത്. |
| (ബി) | ഇക്കാര്യം പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് ബിഷപ്പ് സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | പീരുമേട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുമ്പാകെ 3117/2022 നമ്പരായി 22/07/2022 ൽ ബിഷപ്പ് സമർപ്പിച്ച നിവേദനത്തിന് 29/10/2022- ലെ എ2-2659/22 നമ്പർ കത്ത് പ്രകാരം പീരുമേട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ